354 (1547) ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണം മന്ദഗതിയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സ്റ്റേഡിയം നിർമ്മാണത്തിന് ഇതുവരെയായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) സ്റ്റേഡിയം നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണപ്രവർത്തനങ്ങൾ ആലപ്പുഴ നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരികയാണ്.

(ബി) ഗ്രൗണ്ട് മണ്ണിട്ട് നിരപ്പുവരുത്തുന്നതു സംബന്ധമായ ജോലികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(സി) സ്റ്റേഡിയം നിർമ്മാണപ്രവർത്തനങ്ങൾക്കായി ഇതുവരെ 9,73,500/- രൂപ (ഒൻപതു ലക്ഷത്തി എഴുപത്തിമൂന്നായിരത്തി അഞ്ഞൂറു രൂപ) ചെലവായിട്ടുണ്ട്.

(ഡി) ഗ്രൗണ്ട് മണ്ണിട്ട് നിരപ്പാക്കുന്നതിനുമാത്രം 45 ലക്ഷം രൂപ ചെലവ് വരുന്നതാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ജനകീയാസൂത്രണ കമ്മിറ്റിയാണ് ജോലികൾ ഏറ്റെടുത്ത് നടത്തുന്നത്.

(ഇ) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ഗ്രൗണ്ട് മണ്ണിട്ട് നിരപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ 2000 മാർച്ച് 31-നു മുൻപ് പൂർത്തീകരിക്കുന്നതാണ്.

355 (1548) ഏകജാലക സംവിധാനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലഘൂകരിക്കുന്നതിനുമുമ്പ് ഏകജാലക പരിപാടിപ്രകാരം കെട്ടിടനിർമ്മാണ അനുമതിക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ സമർപ്പിച്ചിരുന്ന എല്ലാ അപേക്ഷകളിലും തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(സി) തിരുവനന്തപുരം പട്ടണത്തിൽ ബഹുനില കെട്ടിടനിർമ്മാണത്തിനുള്ള അനുമതി നൽകുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിവിധിയിൽ ഒന്നാംനില മാത്രം പണിയാൻ അനുമതി ആവശ്യപ്പെട്ടിട്ടുള്ള കെട്ടിട ഉടമകളും ഉൾപ്പെടുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും ക്ലാരിഫിക്കേഷൻ ലഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഒന്നാംനില മാത്രം പണിയാൻ അപേക്ഷിച്ചിട്ടുള്ളവരും ഈ വിധിയുടെ പരിധിയിൽ വരുമെന്ന് അഡ്വക്കേറ്റ് ജനറലോ നിയമ വകുപ്പോ ഗവൺമെന്റിന് ഉപദേശം നൽകിയിട്ടുണ്ടോ;

(എഫ്) ഒന്നാംനില മാത്രം പണിയുന്നതിന് അനുമതി തേടി ഇളവ് ലഭിക്കുന്നതിനുള്ള അധിക തുകയും അടച്ച തിരുവനന്തപുരം പട്ടണത്തിലെ എത്ര അപേക്ഷകൾക്ക് ആറുമാസം കഴിഞ്ഞിട്ടും അനുമതി നൽകാതെയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) എങ്കിൽ അത്തരക്കാർക്ക് അനുമതി നിഷേധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എച്ച്) കോടതിവിധിമൂലം ഒന്നാംനില പണിയാനുള്ള അനുമതി നിരസിച്ചവർക്ക് ഇതിനായി അവർ സർക്കാരിൽ അടച്ച തുക തിരികെ കൊടുക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പായിട്ടുണ്ട്.

(ബി) ചട്ടങ്ങളിൻമേലുള്ള ലംഘനം, ഹാജരാക്കിയിട്ടുള്ള പ്ലാനിലുള്ള ന്യൂനതകൾ, സ്ഥല പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ എന്നിവ കാരണം ചില അപേക്ഷകൾ തീർപ്പാകാനുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) 361 അപേക്ഷകൾ

(ജി) കേരള കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ലംഘനമുള്ള അപേക്ഷയിൽ എക്സംപ്ഷൻ നിഷേധിച്ച് അറിയിപ്പ് നൽകിവരുന്നു.

(എച്ച്) കോടതിവിധി ഒന്നാംനില പണിയാനുള്ള അനുമതി നിരസിക്കലല്ല.

356 (1549) കെട്ടിടനിർമ്മാണ ചട്ടലംഘനം

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരസഭയിൽ കുതിരപ്പന്തി വാർഡിൽ ഗൾഫർ റോഡിന് ഇരുവശത്തുമുള്ള ചില വസ്തു ഉടമകൾ കെട്ടിടനിർമ്മാണ ചട്ടം ലംഘിച്ചുകൊണ്ട് റോഡ് വികസനത്തിന് തടസ്സമുണ്ടാകുന്നതരത്തിൽ മതിൽ ഇറക്കി കെട്ടിയിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly